>> കവർസ്റ്റോറി

● എം.സി.എ നാസർ

# പോരാട്ടത്തിനും നിസ്സഹായതക്കും മധ്യേ ഗസ്സ

**'ഗസ്സയിൽ** ജനജീവിതം അത്ര എളുപ്പമാക്കാൻ സമ്മതിക്കില്ല. സംതൃപ്തമായ ഒരു ജീവിതം നയിക്കാൻ അവരെ ഞാൻ വിടില്ല. ഇന്ധനം കിട്ടാതെ വരുമ്പോൾ ഗസ്സയിൽ വാഹനങ്ങൾ ഓടാതിരിക്കും. അങ്ങനെ അവറ്റകൾ നടന്നു തന്നെ പോകണം. കൊലയാളികളുടെ ഭരണത്തിൻ കീഴിൽ അവർ ഇതെല്ലാം അനുഭവിച്ചേ തീരൂ' - ഇസ്രയേൽ ഭരണകക്ഷിയായ ഖാദിമ പാർട്ടിയുടെ യോഗത്തിൽ യെഹൂദ് ഒൽമർട്ട് രോഷം കൊള്ളുന്നു.

ഒരു ജനതയെ ഉന്മൂലനം ചെയ്യുമെന്ന പരസ്യ പ്രഖ്യാപനമായിരുന്നു ഇത്. ലബനാനിൽ സംഭവിച്ച തിരിച്ചടിയുടെ ജാള്യത്തിനിടയിലും ഗസ്സയിലെ ഇരകൾക്കെതിരെ ദാരുണമായ കടന്നാക്രമണം തുടരുന്ന വംശീയവാദിയെയാണ് ഒൽമർട്ടിൽ കണ്ടത്. എന്നിട്ടും യു.എൻ മിണ്ടിയില്ല. വൻശക്തി രാഷ്ട്രങ്ങൾ കേട്ടഭാവം നടിച്ചില്ല. അറബ് ലോകം പതിവു നിർവികാരതയിൽ മുഖം പൂഴ്ത്തി. മുമ്പ് ഇസ്രയേൽ നശിക്കണം എന്നു പറഞ്ഞതിൻെറ പേരിലാണ് ഇറാൻ പ്രസിഡന്റ് അഹമദീ നിജാദിനു മേൽ വംശീയവിരുദ്ധതയുടെ തെറിയഭിഷേകം നടത്താൻ പടിഞ്ഞാറൻ മാധ്യമങ്ങൾ മൽസരിച്ചത്. അന്താരാഷ്ട്ര ചട്ടങ്ങളുടെ നീതിബോധം അപ്പോഴാണ് സടകുടഞ്ഞെഴുന്നേറ്റത്. അധിനിവിഷ്ട പ്രദേശങ്ങളിലെ ജനതയോട് അനുവർത്തിക്കേണ്ട നേരും നെറിയും എന്തായിരിക്കണമെന്ന് അറിയാഞ്ഞിട്ടല്ല. ഫലസ്ത്വീന്റെ കാര്യത്തിൽ പക്ഷേ, ആറു പതിറ്റാണ്ടിന്റെ അനീതി നിർലജ്ജം തുടരുകയാണ്.

ലോകത്തെ ഏറ്റവും വലിയ തടവു സമൂഹമാണ് ഗസ്സ നിവാസികൾ. നിരന്തരമായി ഹനിക്കപ്പെടുന്ന സ്വാതന്ത്ര്യം. ഫലസ്ത്വീൻ സമൂഹത്തിൽ ആഭ്യന്തര കാലുഷ്യം ശക്തമാക്കാനും ജനതയെ തീർത്തും തങ്ങളുടെ വിധേയരാക്കി മാറ്റാനുമുള്ള ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ് ഇപ്പോഴത്തെ തിരക്കഥ. തുറന്ന ആകാശത്തിനു കീഴിൽ പതിനഞ്ചു ലക്ഷം മനുഷ്യർ അനുഭവിച്ചു തീർക്കുന്ന പാരതന്ത്ര്യത്തിന്റെയും പീഡനത്തിന്റെയും കൂടുതൽ തീവ്രമായ മുഖമാണ് ഇപ്പോൾ ഉരുത്തിരിയുന്നത്. തികച്ചും ഹൃദയഭേദകമായ കാഴ്ചകൾ. സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും മില്ലനിയം സ്വപ്നങ്ങൾ ഉദ്ഘോഷിക്കുന്ന പുതിയ ലോകക്രമം തികഞ്ഞ നിർവികാരതയോടെ ഇതു നോക്കി നിൽക്കുന്നു എന്നതാണ് കൂടുതൽ ലജ്ജാകരം.

യു. എന്നിൽ ഇത്തവണയും ഇസ്രായേലിനെതിരെ പ്രമേയം പിറവികൊണ്ടില്ല. 'സ്വാതന്ത്ര്യ'ത്തിനു വേണ്ടി



**ലോകത്തെ ഏറ്റവും വലിയ തടവു സമൂഹമാണ് ഗസ്സ നിവാസികൾ. നിരന്തരമായി ഹനിക്കപ്പെടുന്ന സ്വാതന്ത്ര്യം. ഫലസ്തീൻ സമൂഹത്തിൽ ആഭ്യന്തര കാലുഷ്യം ശക്തമാക്കാനും ജനതയെ തീർത്തും തങ്ങളുടെ വിധേയരാക്കി മാറ്റാനുമുള്ള ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ് ഇപ്പോഴത്തെ തിരക്കഥ. തുറന്ന ആകാശത്തിനു കീഴിൽ പതിനഞ്ചു ലക്ഷം മനുഷ്യർ അനുഭവിച്ചു തീർക്കുന്ന പാരതന്ത്ര്യത്തിന്റെയും പീഡനത്തിന്റെയും കൂടുതൽ തീവ്രമായ മുഖമാണ് ഇപ്പോൾ ഉരുത്തിരിയുന്നത്**



അറബ് അധിനിവേശം നടത്തിയ യാങ്കിയുടെ കൈയൊപ്പ് ലഭിച്ചതു തന്നെ കാരണം. ഫലസ്തീൻ വേട്ട തീവ്രവാദ വിരുദ്ധ പോരാട്ടത്തിന്റെ സംജ്ഞയിൽ വരുത്തുന്നതിൽ സിയോണിസം വിജയിച്ചതു കൊണ്ടാവാം എല്ലാ വൻശക്തി രാഷ്ട്രങ്ങളും അർഥഗർഭമായ മൗനം പാലിക്കുകയാണ്. പതിവു പ്രമേയങ്ങളുടെ ചുറ്റുംവട്ടത്തിനപ്പുറം കടക്കാനുള്ള രാഷ്ട്രീയ ആർജവം അറബ് കൂട്ടത്തിനുണ്ടായതുമില്ല.

ആറു പതിറ്റാണ്ടുകളായി തുടരുന്ന തടവുജീവിതമാണിത്. സ്വന്തം മണ്ണ് കവർന്നെടുക്കപ്പെടുകയും അവിടെ അപമാനവീകരിക്കപ്പെടുകയും ചെയ്ത ഫലസ്തീൻ സമൂഹത്തെ കൂടുതൽ ഞെരിച്ചമർത്തുന്നതിന്റെ നടപടിക്രമങ്ങളാണ് കാണുന്നത്. പുറമെനിന്ന് അനുവദിച്ചുകിട്ടുന്ന ഭക്ഷണവിഭവങ്ങളും മറ്റും എടുത്തുമാറ്റപ്പെടും. ഉപരോധത്തിന്റെ തീക്ഷ്ണതയിൽ കഴിഞ്ഞ ജനങ്ങൾക്ക് ഈജിപ്തിന്റെ അതിർത്തി ഭേദിക്കേണ്ടി വന്നു. അന്ന പാനീയങ്ങൾതേടി അവർ ഈജിപ്തിന്റെ മണ്ണിൽ സ്വാതന്ത്ര്യത്തിന്റെ മണിക്കൂറുകൾ കൊണ്ടാടി. എണ്ണയും മരുന്നും ഭക്ഷ്യ വിഭവങ്ങളുമായി വീണ്ടും അസ്വാതന്ത്ര്യത്തിന്റെ തുരുത്തിലേക്ക് അവർ തിരികെ വന്നു. ബെർലിൻ മതിൽ തകർച്ചയെ അനുസ്മരിപ്പിക്കുന്ന രംഗങ്ങളായിരുന്ന റഫയിൽ കണ്ടത്. ലോകത്തെ ഏറ്റവും വലിയ ജയിൽ തകർച്ച കൂടിയായിരുന്നു അത്. ഫലസ്തീൻ ജനകീയ മുന്നേറ്റത്തിനു മുന്നിൽ ഹുസ്നി മുബാറക് ആദ്യം പകച്ചു നിന്നു. ബലപ്രയോഗം നടന്നാൽ അതിൻെറ പ്രത്യാഘാതം എന്തായിരിക്കുമെന്ന് തിരിച്ചറിഞ്ഞതു കൊണ്ടാകാം ഹുസ്നി മുബാറക് തന്ത്രപൂർവം ഇതിനെ നേരിട്ടു. എന്നാൽ ഇസ്രയേലും അമേരിക്കയും യൂറോപ്യൻ യൂനിയനും ഈജിപ്തിനെ വിരട്ടി. അതോടെ വേലിക്കമ്പി വിരിച്ച് അതിർത്തി വീണ്ടും ഭദ്രമാക്കി.

ഗസ്സക്ക് ഭക്ഷണം നൽകുന്നത് പോലും ഇസ്രയേൽ വിലക്കി. ഭൂരിഭാഗം പ്രദേശങ്ങളും ഇരുട്ടിലാണ്. മാസം തികയാതെ പ്രസവിച്ച കുഞ്ഞുങ്ങളെ ഏറ്റുവാങ്ങിയ ഇൻക്യുബേറ്ററുകൾ പോലും നിശ്ചലമായി. മരുന്നും വെള്ളവും വെളിച്ചവുമൊഴിഞ്ഞ ആശുപത്രികളിൽ നിന്ന് സന്ദർശകനായുള്ളത് ഇപ്പോൾ മരണം മാത്രം. അങ്ങനെ നൂറ്റി നാൽപത് ചതുരശ്ര മൈൽ വിസ്തൃതിയിൽ ഒരു സമൂഹം അനുഭവിച്ചു തീർക്കുന്ന വേദനകൾ വിവരണാതീതം. ഗസ്സയിൽ ഒരു നിലക്കും സാധാരണ അവസ്ഥ ഉണ്ടാകരുതെന്നാണ് ധാർഷ്ട്യത്തോടെ ഇസ്രയേൽ വിദേശകാര്യ മന്ത്രി തസിപി ലിവ്നി പറയുന്നത്.

### അറബ് ജനായത്തത്തിന്റെ ഭരതവാക്യം

എല്ലാം എന്തിനു വേണ്ടി?

ഉത്തരം ലളിതം. 2006 ജനുവരിയിൽ തങ്ങളുടെ വിരൽതുമ്പിൽ മഷി പടർത്തിയതിന്റെ പ്രതികാരം. ഹമാസ് എന്ന പോരാളി സംഘടനക്ക് രാഷ്ട്രീയാധികാരം നൽകിയതിനുള്ള കൂട്ടപ്പിഴ. അഴിമതിയുടെയും സ്ഥാപിത താൽപര്യങ്ങളുടെയും പ്രതീകമായിമാറി പോരാട്ടവീര്യം കൈയൊഴിഞ്ഞ ഫതഹ് അത്രമേൽ പ്രിയങ്കരമായിരുന്നു ഇസ്രയേലിനും പടിഞ്ഞാറിനും. ആ സ്ഥാനത്ത് ഹമാസ് വരുന്നത് സഹിക്കാനായില്ല. സാമൂഹിക പ്രതിബദ്ധതയും പോരാട്ട വീര്യവും ഉൾച്ചേർന്ന ഹമാസ് പിന്നിട്ടത് ത്യാഗത്തിന്റെ രണ്ടു പതിറ്റാണ്ടുകളാണ്. ശൈഖ് അഹ്മദ് യാസീന്റെയും അബ്ദുൽ അസീസ് അൽ റൻതീസിയുടെയും ധീര രക്തസാക്ഷിത്വം. തെരഞ്ഞെടുപ്പിൽ വിജയിച്ച ഹമാസിനെ ആയുധങ്ങൾ കൊണ്ടും കുടിലതകൾ കൊണ്ടും അമർച്ച ചെയ്യാനായിരുന്നു ശ്രമം. ആധുനിക ജനായത്ത ചരിത്രത്തിൽ സമാനതകളില്ലാത്ത ക്രൂരതകളാണ് ഇപ്പോഴും തുടരുന്നത്; അന്താരാഷ്ട്ര സാമ്പത്തിക-നയതന്ത്ര ഉപരോധം ഒരു വശത്ത്. വികസന സഹായം നിർത്തിവെച്ച് ജനതയെ പട്ടിണിക്കിടാനുള്ള ശ്രമം മറുവശത്തും. ഇതിനു പുറമെ ക്രൂരമായ സൈനിക നടപടികളും.

ഗസ്സയിൽ എൺപത് ശതമാനം ജനങ്ങളും അന്താരാഷ്ട്ര സഹായം കാ

ത്തു കഴിയുന്നവരാണ്. 2007-ലെ കണക്കു പ്രകാരം 87 ശതമാനം പേർ ദാരിദ്ര്യരേഖക്ക് ചുവടെയുള്ള ഭൂപ്രദേശം. പുറമെനിന്നുള്ള ഭക്ഷണം എത്തിയില്ലെങ്കിൽ ഇവരുടെ 'ജീവിതവും അതിജീവനവും സാധ്യമല്ലെ'ന്നാണ് റെഡ്ക്രോസ് സംഘത്തിന്റെ വിലയിരുത്തൽ. അറബ് കാരുണ്യം ചാലിട്ടൊഴുകിയതാണ് ഗസ്സക്ക് പട്ടിണി മരണത്തെ അതിജീവിക്കാൻ കഴിഞ്ഞത്. എന്നാൽ എല്ലാ ബാങ്കുകളും ജീവകാരുണ്യ തുക പോലും മരവിപ്പിച്ചു നിർത്തിയിരിക്കുകയാണ്.

ഹമാസ് ഭരണകൂടത്തിനെതിരെ ജനവിരുദ്ധ വികാരം വളർത്തിയെടുക്കാനുള്ള നിർലജ്ജ നീക്കമായിരുന്നു തെരഞ്ഞെടുപ്പ് വിജയത്തോടെ തന്നെ അരങ്ങേറിയത്. അതോടെ ഫലസ്ത്വീൻ ജീവിതത്തിന്റെ അവശേഷിച്ച താളുകൾ തകർത്തെറിയപ്പെട്ടു. എന്നിട്ടും ഇരകൾ പഠിക്കുന്നില്ലെന്നു കണ്ടപ്പോഴാണ് ആഭ്യന്തര സംഘർഷം മൂർഛിപ്പിക്കാൻ ആളും അർഥവും ആവോളം നൽകിയത്. മഹ്മൂദ് അബ്ബാസിന്റെ ഫതഹ് വിഭാഗത്തെ പ്രലോഭിപ്പിക്കുന്നതിൽ വിജയിച്ചു. ഇരകളുടെ ഐക്യത്തിനു വേണ്ടി ഹമാസ് നേതൃത്വം വിശാലത കാണിച്ചു. ഐക്യ സർക്കാറിനെ ഉൾക്കൊള്ളാൻ മക്കയുടെ പുണ്യത്തിൽ ഹമാസ് കൈയൊപ്പ് ചാർത്തി. അതിന്റെ മഷി ഉണങ്ങും മുമ്പെ ഫതഹ് പിന്മാറി. ഹമാസിന്റെ നേരിയ സാന്നിധ്യം പോലും പൊറുപ്പിക്കില്ലെന്ന ജൂത-യാങ്കി മുന്നറിയിപ്പ് മഹ്മൂദ് അബ്ബാസിനെ വീഴ്ത്തി. ഡോളറിന്റെയും പദവികളുടെയും പ്രലോഭനത്തിൽ ഹമാസിനെ ഒറ്റിക്കൊടുക്കാൻവരെ ഫതഹ് നേതൃത്വം പദ്ധതി തയാറായി. അങ്ങനെ വെസ്റ്റ് ബാങ്കിൽ ഹമാസ് ഇല്ലാത്ത സ്വന്തം സർക്കാർ തട്ടിക്കൂട്ടി. ഫലസ്ത്വീൻ പ്രതിരോധം നിർവീര്യമാക്കാനുള്ള പുത്തൻ കൊളോണിയൽ തന്ത്രം തിരിച്ചറിഞ്ഞ ഹമാസ് സൈന്യം 2007 ജൂണിൽ ഗസ്സ പിടിച്ചു. അതോടെ ജൂത സൈന്യം കൊടുംക്രൂരതകളുടെ വഴി സ്വീകരിച്ചു. ഒക്ടോബർ മുതൽ ഗസ്സക്കുള്ള ഇന്ധന വിതരണം വെട്ടിക്കുറച്ചു. ആരോഗ്യ മേഖല താറുമാറായി. അത്യാസന്ന രോഗികൾക്കു പോലും ഗസ്സക്ക് വെളിയിൽ ചികിത്സ തേടാൻ അനുമതി നൽകിയതുമില്ല.

## ഗസ്സ നേരിടുന്നത് മാനുഷിക ദുരന്തം

ഫലസ്ത്വീൻ ജീവിതം കൂടുതൽ നരകതുല്യമാക്കുകയാണ് അടുത്ത പടി. ഒമ്പത് അടിസ്ഥാന ഉൽപന്നങ്ങളുടെ കയറ്റുമതിക്ക് നിയന്ത്രണം ഏർപ്പെടുത്തി. ഒമ്പതിനായിരം ഉൽപന്നങ്ങൾ വന്നിരുന്ന സ്ഥാനത്ത് ഇരുപതെണ്ണം മാത്രമായി നിജപ്പെടുത്തി. പതിനഞ്ച് ലക്ഷം ജനങ്ങൾക്ക് ദിവസം 6,80,000 ടൺ ഭക്ഷ്യധാന്യം വേണ്ടതുണ്ട്. ഇപ്പോൾ അനുവദിക്കുന്നതോ വെറും 90 ടൺ മാത്രം. 2007 നവംബർ മുതലുള്ള ദുരന്ത ചിത്രമാണിത്. ഭക്ഷ്യ ഉൽപന്നങ്ങളിൽ 99 ശതമാനം വെട്ടിക്കുറച്ചിരിക്കുന്നു. വിലക്കയറ്റം ഇതിന്റെ സ്വാഭാവിക പ്രതിഫലനം മാത്രം. ഫലസ്ത്വീൻ പ്രദേശങ്ങളിലെ കാർഷിക മേഖലയെ തകർക്കാനും ബോധപൂർവമായ ശ്രമം നടന്നു. അടിസ്ഥാന സൗകര്യങ്ങളും തകർത്തെറിയപ്പെട്ടു. ബുൾഡോസർ ഉപയോഗിച്ച് ഭൂരിഭാഗം കൃഷിസ്ഥലങ്ങളും നിരപ്പാക്കുകയായിരുന്നു. ഭവനങ്ങളും പൊതു കെട്ടിടങ്ങളും റോഡുകളും വൈദ്യുതി-ടെലിഫോൺ സൗകര്യങ്ങളും തകർക്കുന്നതിൽ ഒരുതരം പ്രാകൃത പക തന്നെയായിരുന്നു ഇസ്രയേൽ സൈന്യത്തിന്. 2005 സെപ്റ്റംബർ ഒന്നിനും 2007 ജൂലൈ 25-നും ഇടയിൽ ഗസ്സയിൽ മാത്രം 668 ഫലസ്ത്വീൻകാർ വധിക്കപ്പെട്ടുവെന്നാണ് കണക്ക്. ഇവരിൽ 126 പേർ കുട്ടികളായിരുന്നു. ഈ കാലയളവിൽ ഫലസ്ത്വീൻ പോരാളികളുടെ റോക്കറ്റ് മോർട്ടാർ ആക്രമണത്തിൽ കൊല്ലപ്പെട്ടത് വെറും 8 ഇസ്രയേലുകാർ മാത്രമാണ്. എന്നിട്ടാണ് തിരിച്ചടിക്കാനുള്ള ഇസ്രയേൽ അവകാശത്തിന് പിന്തുണ പതിച്ചു നൽകാൻ ബുഷ് മുതൽ ഒബാമ വരെ ആവേശം കൊള്ളുന്നത്. ആരു തന്നെ വന്നാലും യാങ്കിയുടെ ഇസ്രയേൽ പ്രണയത്തിന് മാറ്റംവരാൻപോകുന്നില്ല എന്നതിന്റെ പ്രത്യക്ഷ തെളിവു കൂടിയാണ് ഗസ്സ ഉപരോധത്തെ ന്യായീകരിച്ചു കൊണ്ട് യു.എസ് തെരഞ്ഞെടുപ്പു സ്ഥാനാർഥി ഒബാമയുടെ രംഗപ്രവേശം. 'പുരോഗമന സ്ഥാനാർഥി' എന്നു വിശേഷിപ്പിക്കുന്ന ബാറക് ഒബാമക്ക് തന്റെ ജൂത ആഭിമുഖ്യം തുറന്നു കാട്ടാൻ ഇതു വേണമായിരിക്കും. ഇസ്രയേലിനെ വിമർശിക്കുന്ന യു.എൻ



പ്രമേയത്തെ അമേരിക്ക പിന്തുണക്കരുതെന്നാണ് യു.എസ് അംബാസഡർ സാൽമി ഖലീൽ സാദിന് ഒബാമ കൈമാറിയ കത്തിന്റെ ഉള്ളടക്കം. ഫലസ്ത്വീൻ റോക്കറ്റാക്രമണംമൂലം ഗസ്സ ഉപരോധത്തിന് ഇസ്രയേൽ നിർബന്ധിതമാവുകയായിരുന്നു എന്ന് ഒബാമ കണ്ടെത്തുന്നു. പതിറ്റാണ്ടുകളായി ഗസ്സ ക്രൂരമായ അധിനിവേശത്തിൻ കീഴിലാണെന്ന ചരിത്രവസ്തുത ഒബാമ മറന്നു. ഒരു ജനതയെ ക്രൂരമായി പട്ടിണിക്കിട്ടു പീഡിപ്പിച്ചു വേട്ടയാടുന്നതിന്റെ വേദന ഉൾക്കൊള്ളാൻ ശേഷിയില്ലാത്ത തനി യാങ്കി മനസ്സാണ് ഒബാമയും പേറുന്നതെന്ന് തെളിഞ്ഞു. മറ്റു സ്ഥാനാർഥികളുടെ മനോനിലയും വ്യത്യസ്തമല്ല. ഗസ്സയുടെ സാമ്പത്തികരംഗം പൂർണമായും ഇസ്രയേൽ അധീനതയിൽ തന്നെ. സഞ്ചാര സ്വാതന്ത്ര്യം പോലും നൽകുന്നില്ല. കൂടുതൽ അപകടകരമായ സൈനിക നടപടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തിരിക്കുന്നു.

മാസങ്ങൾക്കുമുമ്പേ സമ്പൂർണ വെടിനിർത്തലിന് ഹമാസ് സന്നദ്ധത അറിയിച്ചതാണ്. ഗസ്സയിൽ കരുതിക്കൂട്ടിയുള്ള കൊലയും കടന്നുകയറ്റവും ഉപേക്ഷി

ച്ചാൽ ഇസ്രയേൽ പ്രദേശത്തേക്ക് റോക്കറ്റാക്രമണം നിർത്താമെന്ന് ഹമാസ് നേതാവ് ഇസ്മാഈൽ ഹനിയ്യ പറഞ്ഞിരുന്നു. പക്ഷേ, ജൂത ധാർഷ്ട്യം അതംഗീകരിക്കാൻ കൂട്ടാക്കിയില്ല. കാരണം അത്തരമൊരു കരാർ വരണമെങ്കിൽ ഹമാസുമായി ചർച്ച വേണ്ടതുണ്ട്. നടപടികൾക്ക് ഔദ്യോഗിക സ്വഭാവം വരും. അതിലൂടെ ഹമാസിന് നിയാമകത്വം കൈവന്നു പോയേക്കുമെന്ന ഭീതി. ഈജിപ്ത് അതിർത്തി ഭേദിക്കൽ പ്രശ്നത്തിൽ ഹമാസിനെ ചർച്ചക്കു വിളിച്ച ഹുസ്നി മുബാറകിനോട് പരിഭവം പ്രകടിപ്പിക്കാൻ മഹ്മൂദ് അബ്ബാസും മുന്നിലുണ്ടായിരുന്നു. തങ്ങൾ ഇവിടെയുള്ളപ്പോൾ എന്തിന് ഹമാസിനെ വിളിക്കണമെന്ന ബാലിശ ചോദ്യമായിരുന്നു ഫതഹ് നേതാവ് ഉയർത്തിയത്. ഫലസ്ത്വീൻ പ്രശ്നം പറഞ്ഞ് കുറേക്കൂടി ഡോളർ ശേഖരം എങ്ങനെ കൈക്കലാക്കാം എന്നു മാത്രമാണ് ഹുസ്നി മുബാറകിന്റെ നോട്ടം.

പഴയ ചില റോക്കറ്റ് ലോഞ്ചറുകളും പൊട്ടിത്തെറിക്കാൻ തയാറെടുത്ത ചില ചാവേറുകളുമാണ് ഫലസ്ത്വീൻ പ്രതിരോധത്തിൻെറ ആകെയുള്ള കരുതൽ ആയുധം. വിശ്വാസദാർഢ്യവും ഇഛാശക്തിയുമാണ് രണ്ടു പതിറ്റാണ്ടിന്റെ ദുരിതപാതകൾ താണ്ടാൻ സംഘടനക്ക് കരുത്തായത്. എതിരിടുന്നത് ലോകത്തെ ഏറ്റവും മികച്ച ഉപകരണങ്ങളും ആയുധങ്ങളും സ്വന്തമായുള്ള സൈന്യത്തോടും. യുദ്ധവിമാനങ്ങൾ കൊണ്ട് ഗസ്സയിൽ നാശം വിതക്കുന്ന ഇസ്രയേൽ ഭീകരതയെ പ്രതിരോധത്തിന്റെ പ്രതീകമാനം എന്നതിലൂടെ ഫലപ്രദമായി എതിരിടാൻ ഫലസ്ത്വീൻ സമൂഹത്തിനു സാധ്യമല്ല. ഇതറിഞ്ഞിട്ടും എതിരിടൽ വീര്യം ഉപേക്ഷിക്കാൻ ഫലസ്ത്വീൻ ജനത തയാറാവുന്നില്ലെന്നതാണ് പടിഞ്ഞാറിനെ അദ്ഭുതപ്പെടുത്തുന്നത്.

കൂട്ടപ്പിഴയും പീഡനങ്ങളും ഉപരോധങ്ങളും തുടരുമ്പോൾ അത് പുതിയ പോരാളികൾക്ക് ജന്മം നൽകുമെന്നത് ചരിത്രത്തിന്റെ സ്വാഭാവിക പാഠം മാത്രം. പിറന്നു വീഴുമ്പോൾ മുതൽ ഗസ്സയിലെ ഒരു ഫലസ്ത്വീനിയെ കാത്തിരിക്കുന്നത് പ്രതികൂല ഘടകങ്ങളും അഭിമാനക്ഷതവുമാണ്. ഇതിൽ നിന്നാണ് പോരാട്ട വീര്യവും രക്തസാക്ഷിത്വത്തോടുള്ള ആഭിമുഖ്യവും അവൻ ഏറ്റുവാങ്ങുന്നത്. ജനിമൃതികളുടെ വിശാല അർഥതലം ഉൾക്കൊള്ളുന്ന ഇസ്‌ലാമിക ചൈതന്യം ഉള്ളിലുറപ്പിച്ചു നിർത്തുന്നതു കൊണ്ടാവും ശത്രുവിനു വേണ്ടി വിടുവേല ചെയ്യാൻ തങ്ങൾക്ക് കഴിയില്ലെന്ന ഗസ്സ നിവാസികളുടെ നിശ്ശബ്ദ വിളംബരം. ജൂത രാഷ്ട്രത്തിന്റെയും വൻശക്തി രാഷ്ട്രങ്ങളുടെയും കണക്കുകൂട്ടൽ പിഴക്കുന്നതും ഇവിടെയാണ്. സമ്പൂർണ ഉന്മൂലനം എന്നത് എളുപ്പമല്ല. സൈനിക മുഷ്കും വൻശക്തി രാഷ്ട്രങ്ങളുടെ കലവറയില്ലാത്ത പിന്തുണയും തൽക്കാലം ഗുണം ചെയ്തേക്കും. പക്ഷേ, യുദ്ധം ജയിക്കാൻ ഇതു മാത്രം പോര. ലബനാനിലെ ഹിസ്ബുല്ലയിൽ നിന്നെങ്കിലും ഈ പാഠം യാങ്കിക്കും ജൂത രാഷ്ട്രത്തിനും ലഭിക്കേണ്ടതായിരുന്നു. ഇറാഖിലെയും അഫ്ഗാനിലെയും പോരാളികൾ ഇതേ സന്ദേശമാണ് നിത്യം നൽകി കൊണ്ടിരിക്കുന്നതും.

**ഗസ്സ ഉപരോധത്തിൻെറ യഥാർഥ ലക്ഷ്യം ഫലസ്ത്വീനികളെ ഭിന്നിപ്പിക്കുക തന്നെ. കര, സമുദ്ര, വ്യോമാതിർത്തികൾ ഉപരോധിക്കുമ്പോൾ ജീവിതം ദുസ്സഹമായി മാറും. കയറ്റുമതി തടയുന്നതോടെ നിലനിൽപ്പിനായ് പോരാട്ടം മുറുകും. സൈനിക നടപടികൾ അധികരിക്കുന്നതോടെ ജീവിതം തീർത്തും അസാധ്യമായിത്തീരും. അങ്ങനെവരുമ്പോൾ ഇതിനു കാരണക്കാർ ഹമാസ് ആണെന്ന് ഗസ്സ നിവാസികൾ കരുതും. സംഘടനയെ അവർ തള്ളിപ്പറയും. അധിനിവിഷ്ട ശക്തികൾക്കു മുമ്പിൽ അവർ വിനയാന്വിതരാകും. പ്രതിരോധം ഇല്ലാതെ, തങ്ങളുടെ ദയാവായ്പിനായി കാത്തിരിക്കുന്ന പീഡിത സമൂഹമായി അവർ മാറും- ഇതൊക്കെയാണ് ജൂത കണക്കുകൂട്ടൽ**

## ലബനാൻ യുദ്ധത്തിന്റെ ഫലശ്രുതി

ലബനാനിൽ എല്ലാ സന്നാഹങ്ങളും ഇസ്രയേലിനുണ്ടായിരുന്നു. യുദ്ധവിമാനങ്ങളും നവീന ആയുധങ്ങളും ഇന്റലിജൻസ് വിവരങ്ങളും കൂട്ടുണ്ടായിരുന്നു. ഇതിന്റെ ബലത്തിൽ ലബനാനിലെ അടിസ്ഥാന സൗകര്യങ്ങൾ തകർത്തു. നിരപരാധി വേട്ട നിർബാധം തുടർന്നു. യാങ്കിയുടെ തുറന്ന പിന്തുണയോടെ. കര യുദ്ധത്തിലേക്ക് കടന്നപ്പോഴാണ് തിരിച്ചടിയുടെ വ്യാപ്തി ബോധ്യപ്പെട്ടത്. 34 ദിവസത്തെ യുദ്ധം ശരിക്കും നഷ്ടക്കച്ചവടമായിരുന്നുവെന്ന് കമീഷൻ റിപ്പോർട്ട് വൈകിയാണെങ്കിലും ഏറ്റുപറയുന്നു. ഹസൻ നസ്റുല്ലയെയും ഹിസ്ബുല്ലയെയും അറബ് മനസ്സിലേക്ക് കൂടുതൽ ചേർത്തുവെക്കാനും യുദ്ധം കൊണ്ടായി. ലബനാനിൽ യഥാർഥ പോരാളികളായും അവർ മാറി. 'സർവായുധ സജ്ജരായ സൈന്യങ്ങളെ അതിജയിക്കാൻ ദുർബലരായ എത്രയോ കൊച്ചു സൈന്യങ്ങൾക്ക് കഴിഞ്ഞിരിക്കുന്നു' എന്നത് ചരിത്ര വസ്തുത മാത്രമല്ല, ആധുനിക കാലത്തും പുലരുന്ന അനുഭവസാക്ഷ്യമാണെന്ന് ഹിസ്ബുല്ലയുടെ പോരാട്ട വിജയം വെളിപ്പെടുത്തുന്നു. പ്രതിരോധം കാരണം പിടിച്ചു നിൽക്കാൻ കഴിയാതെ രണ്ടായിരത്തിൽ ലബനാനിൽ നിന്ന് കെട്ടുകെട്ടിയതാണ് ഇസ്രയേൽ സൈന്യം. അതിർത്തിയിലെ രണ്ട് ജൂത സൈനികരെ ഹിസ്ബുല്ല പിടികൂടിയതായിരുന്നു യുദ്ധ നിമിത്തം. തടവുകാരുടെ കൈമാറ്റത്തിലൂടെ പ്രശ്നം പരിഹരിക്കാമെന്ന നിർദേശമാണ് അന്ന് ഹസൻ നസ്റുല്ല മുന്നോട്ടുവെച്ചത്. അത് കീഴടങ്ങലാകുമെന്ന് ജൂതനേതൃത്വം കരുതി. മാരകമായ ബോംബിംഗിലൂടെയാണ് ഇസ്രയേൽ മറുപടി നൽകിയത്. 1200 സിവിലിയന്മാരുടെ കുരുതി നടന്നു. സിവിലിയൻ കേന്ദ്രങ്ങളോട് ചേർന്ന് ബോംബിംഗ് പാടില്ലെന്നതുൾപ്പെടെ എല്ലാ നിയമങ്ങളും ലബനാനിൽ ലംഘിക്കപ്പെട്ടു. ഹിസ്ബുല്ല റോക്കറ്റുകൾ തങ്ങളുടെ ജനവാസ കേന്ദ്രങ്ങളിൽ എത്തില്ലെന്ന ജൂത കണക്കുകൂട്ടൽ തെറ്റി. ഇതോടെയാണ് വെടിനിർത്തലിലൂടെ പിന്മാറ്റം നടത്താൻ അവർ നിർബന്ധിതമായത്. ഒടുവിൽ യു.എൻ നേതൃത്വത്തിൽ വെടിനർത്തൽ നടന്ന ഘട്ടത്തിലും ലബനാൻ മണ്ണിൽ ആയിരക്കണക്കിന് ക്ലസ്റ്റർ ബോംബുകൾ വിതച്ചു കൊണ്ടായിരുന്നു പിൻമാറ്റം.

## ബുഷ് വന്നുപോയപ്പോൾ

ഫലസ്ത്വീൻ പ്രതിസന്ധി പരിഹരിക്കാൻ എന്നു പറഞ്ഞാണ് കഴിഞ്ഞ മാസം ബുഷ് പശ്ചിമേഷ്യയിൽ വന്നു പോയത്. ഇറാനായിരുന്നു യഥാർഥ ഉന്നം. അബൂദബി പ്രഭാഷണത്തിൽ ഉള്ളിലുള്ള ഇറാൻ വിഷം അപ്പാടെ പുറത്തു വരികയും ചെയ്തു. ഖത്തറും ഒമാനും ഒഴികെ

എല്ലാ ഗൾഫ് രാജ്യങ്ങളിലും ബുഷ് വിരുന്നിനെത്തി. ഇസ്രയേലിൽ ചെന്നപ്പോഴാണ് ആകെ മതിമറന്നത്. അമേരിക്കയുടെ ഏറ്റവും പ്രിയപ്പെട്ട രാജ്യം എന്നു പറഞ്ഞാണ് ജറൂസലമിൽ മഹത്തായ യാത്രക്ക് തുടക്കം കുറിച്ചതു പോലും. 'അധിനിവിഷ്ട പ്രദേശ'മായ ജൂത മേഖലയെ വല്ലാതെ പുകഴ്ത്തുകയായിരുന്നു ബുഷ്. അധിനിവേശം നടത്തിയവർക്ക് അവിടെ ഭൂമി വെട്ടിപ്പിടിക്കാനോ കുടിയേറ്റം നടത്താനോ പാർപ്പിടങ്ങൾ പണിയാനോ ജനീവാ കരാർ പ്രകാരം പാടില്ലെന്നാണ് വെപ്പ്. കെട്ടിടങ്ങൾ തകർക്കാനോ കൃഷി നശിപ്പിക്കാനോ ആളുകളെ പുറന്തള്ളാനോ പറ്റില്ല. എന്നിട്ടും ഇസ്രയേലിന് സൗജന്യങ്ങളും പിന്തുണയും ആവോളം നൽകുകയായിരുന്നു യാങ്കി നേതൃത്വം. പത്തു ദിവസത്തോളം നീണ്ട പര്യടനം എന്തിനെന്ന ചോദ്യം ഉയർന്നു. ജനാധിപത്യത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഹമാസിന് ഒരു സഹായവും നൽകരുതെന്ന് പറയാൻ, ഇറാനിലെ ജനായത്ത സർക്കാറിനെ പുറന്തള്ളണമെന്ന് വിളിച്ചു കൂവാൻ ഇങ്ങനെയൊരു പര്യടനം ആവശ്യമായിരുന്നോ? വഴിയടച്ചും അലങ്കാര വിളക്കുകൾ തൂക്കിയും ഏറ്റവും കുടിലനായ ഒരു ഭരണാധികാരിയെ സ്വീകരിക്കെ, കുരുതി കൊടുക്കപ്പെട്ട പതിനായിരങ്ങളുടെ ചോരപ്പാടുകളിൽ ഹസ്തദാനം പകരാൻ മത്സരിക്കകയായിരുന്നു ഇരകൾക്കൊപ്പം നിലയുറപ്പിക്കേണ്ടവർ. ഭാവിയിലെ കൂട്ട കുരുതികൾക്ക് വേണ്ടി ആയുധ വിപണിയിൽ ബില്യൻ കണക്കിന് ഡോളറിന്റെ ഇടപാടുകൾക്ക് കൈയൊപ്പ് ചാർത്താനും ചിലർ മത്സരിക്കുകയായിരുന്നു. ഡിസംബർ ആദ്യവാരം അമേരിക്കയിലെ അന്നാപൊളിസിൽ നടന്ന പശ്ചിമേഷ്യൻ സമാധാന ഉച്ചകോടിയുടെ ഫലശ്രുതി നേരത്തെ കണക്കു കൂട്ടിയതു തന്നെയായിരുന്നു. തുടക്കത്തിൽ അൽപം മസിലും പിടിച്ചു നിന്നവർ പോലും ബുഷ് വിളിച്ചപ്പോൾ ഗെറ്റപ്പായി. ഉച്ചകോടിയുടെ ഫലം എന്തെന്ന് കൃത്യമായി വിലയിരുത്തിയത് ഇസ്രയേലിന്റെ മുൻ പ്രതിരോധ സഹമന്ത്രിയും അധിനിവിഷ്ട വെസ്റ്റ് ബാങ്കിലെ സിവിൽ അഡ്മിനിസ്ട്രേഷൻ മേധാവിയുമായ ഡോ. എ.കെ ഇഫ്രയിം സ്നേ ആണ്(Dr. M.K Ephraim Sneh). *ജറൂസലം പോസ്റ്റിൽ* അദ്ദേഹം എഴുതിയ ലേഖനത്തിന്റെ തലക്കെട്ടു തന്നെ യാങ്കി സ്പോൺസർ ചെയ്ത ഉച്ചകോടിയുടെ നേട്ടം വെളിപ്പെടുത്തുന്നു. "Annapolis- A True Zionist Victory".


ബുഷിന് ലഭിച്ച വരവേൽപ്പ്

അന്നാപൊളിസിൽ നിന്നും പ്രതിജ്ഞകളും ഡോളർ വാഗ്ദാനങ്ങളുമായാണ് മഹ്മൂദ് അബ്ബാസ് മടങ്ങിയെത്തിയത്. തെരുവുകളിൽ കൂട്ടിക്കൊടുപ്പുകാർക്കെതിരെ പതിനായിരങ്ങളുടെ ഗർജനം പ്രശ്നമായില്ല. അനധികൃത കുടിയേറ്റമൊന്നും പൊളിച്ചു മാറ്റിയില്ല.

ഗസ്സ ഉപരോധത്തിൻെറ യഥാർഥ ലക്ഷ്യം ഫലസ്ത്വീനികളെ ഭിന്നിപ്പിക്കുക തന്നെ. കര, സമുദ്ര, വ്യോമാതിർത്തികൾ ഉപരോധിക്കുമ്പോൾ ജീവിതം ദുസ്സഹമായി മാറും. കയറ്റുമതി തടയുന്നതോടെ നിലനിൽപ്പിനായ പോരാട്ടം മുറുകും. സൈനിക നടപടികൾ അധികരിക്കുന്നതോടെ ജീവിതം തീർത്തും അസാധ്യമായിത്തീരും. അങ്ങനെവരുമ്പോൾ ഇതിനു കാരണക്കാർ ഹമാസ് ആണെന്ന് ഗസ്സ നിവാസികൾ കരുതും. സംഘടനയെ അവർ തള്ളിപ്പറയും. അധിനിവിഷ്ട ശക്തികൾക്കു മുമ്പിൽ അവർ വിനയാന്വിതരാകും. പ്രതിരോധം ഇല്ലാതെ, തങ്ങളുടെ ദയാവായ്പിനായി കാത്തിരിക്കുന്ന പീഡിത സമൂഹമായി അവർ മാറും- ഇതൊക്കെയാണ് ജൂത കണക്കുകൂട്ടൽ. ഗസ്സ വീണ്ടും കൈപ്പിടിയിലൊതുക്കാൻ ഇസ്രയേൽ സൈന്യത്തിന് താൽപര്യമില്ല. ഒളിപ്പോർ യുദ്ധത്തെ നേരിടാൻ ഇസ്രയേലിന് പ്രാപ്തി പോരെന്ന് ലബനാനിൽ തെളിഞ്ഞ സാഹചര്യത്തിൽ വിശേഷിച്ചും.

ആഗോള തീവ്രവാദ വിരുദ്ധ വേട്ടയുടെ മേൽവിലാസത്തിൽ ഫലസ്ത്വീൻ പ്രദേശത്തെ ക്രൂരതയെ ന്യായീകരിക്കാനും എളുപ്പം. അന്നപൊളിസിലും തുടർന്ന് പാരിസ് യോഗത്തിലും ഇതിന്റെ കാര്യപരിപാടികളായിരുന്നു മറ്റൊരർഥത്തിൽ നടന്നത്. കഥ അറിഞ്ഞു കൊണ്ടു തന്നെ അറബ് ലോകവും ഇവിടെയെത്തി. ഇരകളുടെ അന്ത്യകൂദാശക്ക് അറിയാതെ കൈയൊപ്പ് ചാർത്തുകയായിരുന്നു അവരും. ജറൂസലം കേന്ദ്രമായുള്ള ഫലസ്ത്വീൻ രാഷ്ട്ര രൂപവത്കരണം ജൂത അജണ്ടയിൽ തന്നെയില്ലെന്നുറപ്പ്. സ്വന്തം രാഷ്ട്രവും അഭയാർഥികളുടെ തിരിച്ചു വരവും 1967-ലെ യുദ്ധത്തിലൂടെ പിടിച്ചെടുത്ത പ്രദേശങ്ങളിൽ നിന്നുള്ള പിൻവാങ്ങലും- ഇതായിരുന്നു അറബ് ലീഗ് ആവശ്യം. ഇതു സമ്മതിച്ചാൽ കൈ കോർക്കാൻ ഒരുക്കമാണെന്ന് അറബ് നേതൃത്വം പറഞ്ഞു. മൂന്നും പറ്റില്ലെന്നു തന്നെ ഇസ്രയേൽ പറഞ്ഞു കഴിഞ്ഞു.

വിശാല ഇസ്രയേൽ തന്നെയാണ് യഹൂദ് ഒൽമർട്ടും യഹൂദ് ബരാകും സ്വപ്നം കാണുന്നത്. വൻശക്തി രാഷ്ട്രങ്ങൾ ഇതു നടപ്പാക്കാൻ എല്ലാ സൗകര്യങ്ങളും ചെയ്യുന്നു. ഇന്ത്യയും ഒത്തുചേരുന്നിടത്ത് ദുരന്തം പൂർത്തിയാകുന്നു. അറബ് രാജ്യങ്ങൾക്കില്ലാത്ത ആത്മാർഥത എന്തിന് തങ്ങൾക്കെന്നാണ് ഇന്ത്യയുടെ ഇസ്രയേൽ ബാന്ധവത്തെ കുറിച്ച് ഗൾഫ് സന്ദർശന വേളയിൽ ആരാഞ്ഞപ്പോൾ പ്രമുഖ കേന്ദ്ര മന്ത്രി ക്ഷോഭിച്ചത്. ■